പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2669 — 17/6/2019 ൽ മറുപടിക്ക്

## ബ്രഹ്മഗിരി കേരള ചിക്കൻ

ചോദ്യം — മറുപടി

ശ്രീ.ഷാഫി പറമ്പിൽ :

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | കോഴിയിറച്ചി വിലകുറച്ച് ഉപഭോക്താക്കളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ബ്രഹ്മഗിരി കേരള ചിക്കൻ പദ്ധതി വിജയപ്രദമാണോ; | എ) | വിജയപ്രദമാണ്. |
| ബി) | എൺപത്തിയേഴ് മുതൽ തൊണ്ണൂറ് രൂപ വരെ നിരക്കിൽ ജീവനോടെയും നൂറ്റിനാല്പത് മുതൽ നൂറ്റമ്പത് രൂപ വരെ നിരക്കിൽ ഇറച്ചി വിലയിലും കോഴികളെ ലഭ്യമാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സാധിക്കാതെ വന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | ബി) | കേരള ചിക്കൻ പദ്ധതി പ്രകാരം ഫാമുകളിൽ നിന്ന് കേരള ചിക്കൻ ഔട്ട്-ലെറ്റുകളിലേക്ക് കോഴി നൽകുമ്പോഴുള്ള വില ഒരു കിലോഗ്രാമിന് 76 രൂപയും 11 രൂപ വ്യാപാരിയുടെ മാർജിൻ വെച്ച് ഉപഭോക്താക്കൾക്ക് ഔട്ട് ലെറ്റിൽ നിന്നും നൽകുന്ന അടിസ്ഥാന വില 87-93 രൂപ വരെയും ആയിരുന്നു. ഈ വില 2017 ൽ ഫീഡിന്റെ വില കണക്കിലാണ് നിശ്ചയിച്ചിരുന്നത്.<br><br>ഇന്ന് ഫീഡ് വില കിലോഗ്രാമിന് 26 രൂപയിൽ നിന്ന് 34 രൂപയായി വർദ്ധനവ് ഉണ്ടായിട്ടുണ്ട്. അങ്ങനെ വരുമ്പോൾ ഒരു കിലോഗ്രാം കോഴിയുടെ ഉത്പാദന ചെലവ് 75 രൂപയിൽ നിന്ന് 85 രൂപയായിട്ടുണ്ട്. അതുകൊണ്ടാണ് 2019 മെയ് മുതൽ കേരള ചിക്കന്റെ അടിസ്ഥാനവില ജീവത്തൂക്കം 96 മുതൽ 106 വരെ ആക്കിയത്. പുതുക്കിയ നിരക്ക് പ്രകാരം ഇറച്ചിത്തൂക്കം 155 മുതൽ 170 വരെയാണ്. |
| സി) | ബ്രഹ്മഗിരി കേരള ചിക്കൻ നിലവിൽ എന്ത് വിലയ്ക്കാണ് വിപണിയിൽ വിൽക്കുന്നത്; മുൻപ് നൽകിയ വാഗ്ദാനങ്ങൾ പാലിക്കാത്തതിൽ പ്രതിഷേധിച്ച് കേരള പൗൾട്രി ഫാർമേഴ്സ് അസോസിയേഷൻ പദ്ധതിയോട് നിസ്സഹരണം പ്രഖ്യാപിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ? | സി) | പുതുക്കിയ കേരള ചിക്കൻ ഔട്ട് ലെറ്റ് വില്പനത്തുക ജീവത്തൂക്കം 96 മുതൽ 106 വരെയും ഇറച്ചിത്തൂക്കം 155 മുതൽ 170 വരെയുമാണ്. ബ്രഹ്മഗിരി പൗൾട്രി ഫാർമേഴ്സ് ഫെഡറേഷൻ രൂപീകരിക്കുമ്പോൾ ഫാം ഉള്ള കർഷകർക്ക് മാത്രമേ അംഗങ്ങളാകാനാകൂ എന്ന ബൈലോ വ്യവസ്ഥ നിലവിലുണ്ടായിരുന്നു. എന്നാൽ ഫാം ഇല്ലാത്തവർക്കും അംഗത്വം നൽകണമെന്ന് KPFA വാദമുന്നയിച്ചതും, കേരള പൗൾട്രി ഫാർമേഴ്സ് അസോസിയേഷന് ഡയറക്ടർ ബോർഡിൽ അംഗത്വം |

| | | | |
|---|---|---|---|
| | | | നിഷേധിച്ചതും കൂടാതെ കേരള ചിക്കൻ പദ്ധതിയുടെ അടിസ്ഥാന കാര്യങ്ങളിലും പോളിസിയിലും പദ്ധതിക്ക് യോജിക്കാത്ത നിർദ്ദേശങ്ങൾ KFPA മുന്നോട്ട് വെച്ചതും കേരള പൗൾട്രി ഫാർമേഴ്സ് അസോസിയേഷന്റെ നിസ്സഹകരണത്തിന് കാരണമായി. |

സെക്ഷൻ ഓഫീസർ